തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനലിന്റെ പ്രവർത്തനം

29 (1570) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിലൂടെ നിലവിൽ വിമാന സർവ്വീസുകൾ നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ

30 (1571) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ മേഖലയിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

കോഴിക്കോട് വിമാനത്താവളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ

31 (1572) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ നവീകരണ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രതികൂല കാലാവസ്ഥയിലും രാത്രിയിലും വിമാനമിറങ്ങുന്നതിന് എന്തെല്ലാം പുതിയ സജ്ജീകരണങ്ങൾ ഇതിനകം ഏർപ്പെടുത്തി എന്നും, ഭാവിയിൽ ഏതെല്ലാം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ ;

(സി) മംഗലാപുരം വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇറിടത്തെ സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly